## കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ് കണ്ണൂർ

സാധ്യതാപട്ടിക നമ്പർ പി.എൽ 1 /2007/ഡി.ഒ.സി. കണ്ണൂർ
കാറ്റഗറി നമ്പർ. 16/2006 5/3/2007

.

## ***വിജ്ഞാപനം***

സൈനികക്ഷേമ വകുപ്പിൽ 3050-5230 രൂപ ശമ്പള നിരക്കിൽ ക്ലാർക്ക് **–ടൈപ്പിസ്റ്റ്** തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 16/2006) തെരഞ്ഞെടുപ്പിനായി 2-12-2006 ന് നടത്തിയ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്നു കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനതീയതി, സമുദായം, യോഗ്യത, സൈനികസേവനം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. രേഖകൾ പരിശോധിക്കുന്നതിനുള്ള തീയതി, സമയം, സ്ഥലം എന്നിവ ഈ വിജ്ഞാപനത്തോടൊപ്പം കൊടുത്തിരിക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു തരത്തിലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.. രജിസ്റ്റർ നമ്പറുകൾക്ക് മുന്നിലായി കണ്ണൂർ ജില്ലയെ സൂചിപ്പിക്കുന്ന 'സി' ( C ) എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## ***മുഖ്യപട്ടിക***

| | | | | | |
|---|---|---|---|---|---|
| 221 | 222 | 224 | 225 | 227 | 236 |
| 238 | 241 | 244 | 249 | 254 | |

## ***ഉപ പട്ടികകൾ***

| | | | | |
|---|---|---|---|---|
| ഈഴവ/തീയ്യ/ബില്ലവ : | **202** | **206** | **213** | **215** |
| | **243** | **250** | **253** | |

| | | |
|---|---|---|
| പട്ടികജാതി | : | 208 |
| പട്ടികവർഗ്ഗം | : | -N I L - |
| മുസ്ലിം | : | - N I L - |
| ലത്തീൻ കത്തോലിക്ക | : | - N I L - |
| **മറ്റ് പിന്നോക്ക വിഭാഗം** | : | **205 233** |
| **വിശ്വകർമ്മ** | : | **- N I L -** |
| **എസ്.ഐ.യുസി നാടാർ/ആംഗ്ലോ ഇന്ത്യൻ** | : | - N I L - |
| **മറ്റ് ക്രിസ്ത്യാനികൾ** | : | **- N I L -** |
| **ധീവര** | : | **- N I L -** |

***കുറിപ്പ്–1:*** അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി, തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

***കുറിപ്പ്–2:*** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

പരീക്ഷയിൽ 43 (നാല്പത്തിമൂന്ന്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യ പട്ടികയിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 27/5/2000 –ലെ സർക്കാർ ഉത്തരവ് (പി.) നം. 36 /2000/ എസ്.സി./ എസ്.ടി.ഡി.ഡി. പ്രകാരം നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ തങ്ങൾ ഹാജരാക്കേണ്ടതായ മറ്റ് പ്രമാണങ്ങളോടൊപ്പം നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോമ്പറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റ് പിന്നോക്ക സമുദായങ്ങളുടെ ഉപപട്ടികകളിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്ത പക്ഷം അവരുടെ രജിസ്റ്റർ നമ്പരുകൾ ഇനിയൊരറിയിപ്പ് കൂടാതെ ഈ സാധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

കായികതാരങ്ങൾ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഉദ്യോഗാർത്ഥികൾ 19–3–2007 ന് രാവിലെ 10.30 മണിക്ക് താഴെ പറയുന്ന രേഖകൾ സഹിതം കണ്ണൂർ ജില്ലാ പി.എസ്.സി. ഓഫീസിൽ സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ

| | | |
|---|---|---|
| **(1) ജനനതീയതി,വയസ്സ്** | : | **എസ്. എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജ്/ തത്തുല്യ സർട്ടിഫിക്കറ്റും ,അസ്സലും പകർപ്പും** |
| **(2) വിദ്യാഭ്യാസ യോഗ്യത** | : | **എസ്. എസ്.എൽ.സി/ തത്തുല്യ യോഗ്യതാ സർട്ടിഫിക്കറ്റും പകർപ്പും.** |
| **(3) ജാതി,സമുദായം (സംവരണാനുകൂല്യത്തിന്)** | : | **കമ്മ്യൂണിറ്റി സർട്ടിഫിറ്റ്/ നോൺക്രീമിലെയർ സർട്ടിഫിക്കറ്റും പകർപ്പും.** |
| **(4) വിമുക്തഭടന്മാർ** | : | **ഡിസ്ചാർജ് സർട്ടിഫിക്കറ്റ്,പെൻഷൻ പേമെന്റ് ഓർഡർ എന്നിവയുടെ അസ്സലും പകർപ്പും** |
| **(5) കായികതാരങ്ങൾ** | : | **സ്പോർട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും പകർപ്പുകളും** |
| **(6) സർവ്വീസിലുള്ള** | : | **ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽനിന്നോ** |

| | | |
|---|---|---|
| ഉദ്യോഗാർത്ഥികൾ | : | ആഫീസ് മേധാവിയിൽ നിന്നോ ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് |
| (7) പേര്, ജനനത്തീയതി,ഒപ്പ്, എന്നിവയിൽ വ്യത്യാസം | : | പേര്, ജനനത്തീയതി, ഒപ്പ്, എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും പകർപ്പും. |
| (8) മറ്റേതെങ്കിലും അർഹത | : | മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും പകർപ്പും |

മുകളിൽ പറഞ്ഞ പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല.

*ഭാർഗവൻ തളാപ്പ് വീട്ടിൽ*
*ജില്ലാ ആഫീസർ,*
*കെ.പി.എസ്.സി. ജില്ലാ ആഫീസ്*
*കണ്ണൂർ*